പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് എല്ലാ ദിവസവും പ്രതിപക്ഷത്തിന്റെ നേർക്ക് ഇത്തരം പരാമർശങ്ങൾ നടത്തുന്നത് ദൗർഭാഗ്യകരമാണ്. മാധ്യമങ്ങളിൽ വരുന്ന വാർത്തകളും പൊതുസമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് പ്രതിപക്ഷത്തിന്റെ ചുമതലയും ഉത്തരവാദിത്വവുമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ആലപ്പുഴയിൽ ഒരു സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് കിഫ്ബിയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചും ഒരു പരാമർശം നടത്തി. അതുപോലെ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഈ മന്ത്രിസഭയിലെ രണ്ടുമൂന്ന് അംഗങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണെങ്കിൽ, സെറ്റിൽഡ് കേസുകളിൽ നിയമങ്ങളും പോളിസികളും സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിക്കഴിഞ്ഞാൽ അതിന് വിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നത് കൂട്ടുത്തരവാദിത്വത്തോടുള്ള ലംഘനമാണ്. അത് പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങളുടെ ലംഘനമാണ്. ഈ വിഷയം ഇവിടെ ഉന്നയിക്കാൻ കഴിയില്ലെങ്കിൽ ഞങ്ങൾ എവിടെയാണ് ഉന്നയിക്കേണ്ടത്?

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കണ്ടെന്നോ ചർച്ച ചെയ്യണ്ടെന്നോ അല്ല പറഞ്ഞത്.

റൂൾ 50 പ്രകാരം ഉന്നയിക്കാനുള്ള വിഷയമായി അംഗീകരിക്കാൻ പ്രയാസമുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങ് പറഞ്ഞതെല്ലാം കേട്ടു. ഞാൻ പറയുന്നതുകൂടി അങ്ങ് കേൾക്കണം.

മി. സ്പീക്കർ: പറയൂ, അങ്ങേയ്ക്ക് പറയാൻ privilege ഉണ്ടല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടത്തെ പ്രശ്നം കിഫ്ബിയെ സംബന്ധിച്ചുള്ളതല്ല. സർക്കാരിന്റെ കളക്ടീവ് റെസ്പോൺസിബിലിറ്റി നഷ്ടപ്പെട്ടു എന്നതാണ് ഇവിടത്തെ വിഷയം. തിരക്കായതിനാൽ അങ്ങ് നോട്ടീസ് ശരിയായി വായിച്ചില്ലെന്ന് തോന്നുന്നു, നോട്ടീസ് പൂർണ്ണമായി വായിച്ചാൽ അങ്ങേക്ക് അത് മനസ്സിലാകും. പൊതുമരാമത്ത് വകുപ്പുമന്ത്രി മാത്രമല്ല, മന്ത്രിസഭയിലെ രണ്ടുമൂന്ന് മന്ത്രിമാർ, വൈദ്യുതി വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമൊക്കെ വ്യത്യസ്ത പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഇതെല്ലാം ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വത്തെ ബാധിക്കുന്നു എന്നതുകൊണ്ട് ഇത് ഉന്നയിക്കേണ്ടത് ഞങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണ്. ഞങ്ങൾ എവിടെയാണ് ഈ വിഷയം ഉന്നയിക്കേണ്ടത്? റൂൾ 50 ഞങ്ങളുടെ അവകാശമാണ്. അങ്ങ് ദയവായി ഇത് പുനഃപരിശോധിക്കണം. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ഞങ്ങളെ അനുവദിക്കണം. ഞങ്ങൾ

കിഫ്ബിയെപ്പറ്റിയല്ല പറയുന്നത്. കിഫ്ബി ഇവിടെ ചർച്ച ചെയ്ത് പാസ്സാക്കിയതാണ്. അതിന് വിരുദ്ധമായാണ് ഇവിടെ പല പരാമർശങ്ങളുമുണ്ടാകുന്നത്. അതുകൊണ്ട് ദയവായി അങ്ങ് ഞങ്ങളെ പ്രതിസന്ധിയിലാക്കരുത്. സഭാനടപടികൾ തടസ്സപ്പെടുത്താനുള്ള അവസരം ഞങ്ങൾക്ക് ഉണ്ടാക്കിത്തരരുത്. ചെയർ ഞങ്ങളുടെ അവകാശത്തെ സംരക്ഷിക്കണം. We want protection from the Chair. ഈ നിലപാട് അങ്ങ് പുനഃപരിശോധിക്കണം. എല്ലാ ദിവസവും അങ്ങ് പ്രതിപക്ഷത്തിനുനേരെ ഇങ്ങനെ aspirations cast ചെയ്യുന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. ചെയറിനോടുള്ള എല്ലാ ബഹുമാനവും കാത്തുസൂക്ഷിച്ചുകൊണ്ട് ഞാൻ പറയട്ടെ, എല്ലാ കാലത്തും പ്രതിപക്ഷം മാധ്യമങ്ങളിൽ വരുന്ന വാർത്തകളും പൊതുസമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും ഇവിടെ ഉന്നയിക്കാറുണ്ട്. അത് ഞങ്ങളുടെ അവകാശമാണ്. അങ്ങ് ഞങ്ങളുടെ അവകാശത്തെ സംരക്ഷിക്കണ്ടേ? അതുകൊണ്ട് ദയവായി അങ്ങയുടെ റൂളിംഗ് പുനഃപരിശോധിക്കണം. ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശനെ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിക്കാനായി ക്ഷണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: പ്രസക്തമല്ലാത്ത കാര്യങ്ങൾ സഭയിൽ ചട്ടപ്രകാരമല്ലാതെ

അനുവദിക്കുന്നതിന് ചെയറിന് പ്രയാസമുണ്ട്. ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലോ സ്വബോധ്യത്തിന്റെ അടിസ്ഥാനത്തിലോ നിലപാട് സ്വീകരിക്കാൻ സാധ്യമല്ല. ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ഭാഗമായി മാത്രമേ നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് അങ്ങയെ ഇത് ബോദ്ധ്യപ്പെടുത്തിയത്. അതുകൊണ്ട് ഇത് അടിയന്തരപ്രമേയമായി ചർച്ച ചെയ്യാനുള്ള ഒരു വിഷയമായി ചെയർ അംഗീകരിക്കുന്നില്ല. ചെയർ അത് നിഷേധിക്കുകയാണ്. .......(ബഹളം)....... അടുത്ത അജണ്ടയിലേയ്ക്ക് കടക്കേണ്ടിവരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സംസ്ഥാന മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടു എന്ന വിഷയം ഞങ്ങൾക്ക് ഉന്നയിക്കാൻ അങ്ങ് അനുവാദം നൽകാത്തത് എന്ത് അടിസ്ഥാനത്തിലാണ്; അങ്ങേയ്ക്ക് എന്താണ് പ്രശ്നം; ചെയർ നിഷ്പക്ഷമല്ലേ? .......(ബഹളം)........ മുഖ്യമന്ത്രി പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. ചെയർ അങ്ങനെ പറയുന്നത് ശരിയല്ല. ചെയർ ഞങ്ങളുടെ അവകാശം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.

<u>മി. സ്പീക്കർ</u>: ദയവായി ഞാൻ പറയുന്നത് കേൾക്കണം. ചെയറിനെ സമ്മർദ്ദത്തിലാക്കരുത്. ഈ വിഷയം സഭയിൽ ഉന്നയിക്കാം, ധനാഭ്യർത്ഥനയുടെ

ചർച്ചയുടെ ഭാഗമായി ഉന്നയിക്കാം. പക്ഷേ അടിയന്തരപ്രമേയമായി കൊണ്ടുവരേണ്ട ഒരു വിഷയമായി ഇത് അംഗീകരിക്കാൻ പറ്റില്ലെന്നാണ് പറഞ്ഞത്. ദയവായി അംഗങ്ങൾ സീറ്റിൽ ഇരിക്കണം. ഈ വിഷയം അടിയന്തരപ്രമേയം എന്ന രീതിയിൽ പരിഗണിക്കാൻ സാധ്യമല്ല. .....(ബഹളം)........

(ശ്രദ്ധക്ഷണിക്കൽ)

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)